# തലയാഴം

# ഗ്രാമപഞ്ചായത്ത്

## കരട്ബജറ്റ് 2026-2027

**(ധനകാര്യസ്ഥിരം സമിതിയുടെ 27/02/2026 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചത്)**

# ആമുഖം

*പ്രിയ സുഹൃത്തുക്കളെ,*

2026–27 വർഷത്തെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് അവതരണം ശ്രവിക്കുന്നതിന് എത്തിച്ചേർന്നിരിക്കുന്ന എല്ലാവർക്കും അഭിവാദ്യങ്ങൾ.

സംസ്ഥാനസർക്കാരിന്റെ നയങ്ങൾക്കും ബജറ്റ് വിഹിതത്തിനും അനുസൃതമായി കാർഷിക മേഖലയ്ക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ടും സേവന പശ്ചാത്തല മേഖലകളിൽ ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾക്കായി തുക വകയിരുത്തിക്കൊണ്ടുമുള്ള ബജറ്റാണ് 2026–27 വർഷത്തേക്കായി തലയാഴം ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ളത്.

പഞ്ചായത്തീരാജ് സംവിധാനത്തിലെ അടിസ്ഥാന ശിലകളായ ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന ക്രിയാത്മക നിർദ്ദേശങ്ങളാണ് വിവിധ മേഖലകളിലെ പദ്ധതികളായി ഏറ്റെടുത്ത് ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിലെ ഭിന്ന ശേഷിയുള്ള വ്യക്തികൾ, വൃദ്ധർ, നിരാലംബരായ രോഗികൾ , കുട്ടികൾ , സ്ത്രീകൾ എന്നിങ്ങനെ സമൂഹത്തിലെ പാർശ്വവൽകരിക്കപ്പെട്ടതും , പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ എല്ലാ വ്യക്തികൾക്കും ഉചിതമായ രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും തുക വകയിരുത്തുകയും ചെയ്തിട്ടുള്ളതാണ്.

തദ്ദേശ പൊതുതിരഞ്ഞെടുപ്പു പ്രവർത്തനങ്ങൾ , എസ്ഐആർ (ബിഎൽഓ ഡ്യൂട്ടി) എന്നിവയിലൂടെ ജീവനക്കാരുടെ അപര്യാപ്തത മൂലം ഈ വർഷം ഊർജ്ജിതനികുതി പിരിവിലേക്ക് സാമ്പത്തികവർഷം അവസാനപാദത്തിലെത്തിയിട്ടും കടക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. ഈ സാമ്പത്തികവർഷം അവസാനിക്കുവാൻ അധികനാൾ ഇല്ലാത്ത ഈ അവസരത്തിൽ കെസ്മാർട്ട് സോഫ്റ്റ് വെയറിലെ അപാകതകൾ പരിഹരിച്ച് വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കി പഞ്ചായത്ത് ഫണ്ടിന്റെ ദൂര വ്യാപകമായ അനാവശ്യ ചെലവ് കുറച്ച് , ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ കണ്ടെത്തി തുക ഈടാക്കുന്നതിനും തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ പഞ്ചായത്ത് കൈക്കൊണ്ടിട്ടുള്ളതാണ്. നൂറ് ശതമാനം നികുതി പിരിവ് നൂറ് ശതമാനം പദ്ധതി പണം ചെലവവഴിക്കൽ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തലയാഴം ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബന്ധമാണ്.

സമഗ്രനെൽകൃഷിവികസനം , പച്ചക്കറി/തെങ്ങ്/വാഴകൃഷി വികസനം, വിവിധ മൃഗസമരക്ഷണപദ്ധതികൾ, മത്സ്യബന്ധനമേഖലയിലെ ക്ഷേമപദ്ധതികൾ ക്ഷീര വികസനപദ്ധതികൾ, ലൈഫ് ഭവന പദ്ധതി, വീട് മെയിന്റനൻസ്, തുടങ്ങിയവ അടുത്ത സാമ്പത്തിക വർഷത്തേക്ക് വിവിധ മേഖലകളിൽ വിഭാവനം ചെയ്തിട്ടുള്ള മികച്ച പദ്ധതിളാണ്. ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് സമ്പൂർണ്ണ കുടിവെള്ള പദ്ധതിയും ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. .

ലഭ്യമായ വിഭവങ്ങൾ വികസനത്തിന്റെ പൂർണ്ണതയിലെത്തിക്കുന്നതിന് വ്യക്തമായ കാഴ്ചപ്പാടോടെയാണ് ഈ ബജറ്റിന് രൂപം നൽകിയിരിക്കുന്നത്. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് കൂട്ടായ പ്രവർത്തനങ്ങളിലൂടെ ജനസൗഹൃദ പഞ്ചായത്താക്കുന്നതിനുള്ള പ്രവർത്തന പരിപാടിയിൽ പങ്കാളികളാകുന്നതിന് നമുക്ക് ഒരുമിച്ച് മുന്നേറാം.

സ്നേഹപൂർവ്വം

***ലിജി സലഞ്ച് രാജ്***
***(പ്രസിഡന്റ്)***

## തലയാഴം ഗ്രാമപഞ്ചായത്ത്

## ബജറ്റ് പ്രസംഗം – 2026–27 വാർഷിക ബജറ്റ്

*പ്രിയ സുഹൃത്തുക്കളെ,*

2026 ജനുവരിയിൽ അധികാരമേറ്റ ഈ ഭരണസമിതിയുടെ ആദ്യബജറ്റ് എന്ന നിലയിൽ **2026–27** സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഈ യോഗത്തിൽ ഏറെ അഭിമാനത്തോടെയും സന്തോഷത്തോടേയും ഞാൻ അവതരിപ്പിച്ചു കൊള്ളുന്നു.

ജനകീയാസൂത്രണ പദ്ധതി നടപ്പാക്കുന്നതിന് അർത്ഥവത്തായ തലത്തിൽ മുദ്ര പതിപ്പിക്കുവാൻ ഈ പഞ്ചായത്തിന് ജനകീയാസൂത്രണപദ്ധതിയുടെ ആദ്യനാളുകളിൽ തന്നെ സാധിച്ചിട്ടുള്ളതാണ്. അടുത്ത സാമ്പത്തികവർഷം പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് പ്രസിഡന്റ് ആമുഖപ്രസംഗത്തിൽ തന്നെ പരാമർശിച്ചു. നമ്മുടെ വിഭവശേഷിയും, പ്രവർത്തന ഊർജ്ജവും പരമാവധി പ്രയോജനപ്പെടുത്തി നമ്മുടെ പഞ്ചായത്തിനെ കൂടുതൽ വികസനത്തിലേക്ക് എത്തിക്കുന്നതിനുള്ള ഒരു ചുവടുവെയ്പ്പായാണ് ഞാൻ ഈ ബജറ്റിനെ കാണുന്നത്.

### 1. കാർഷിക മേഖല

നമ്മുടെ പഞ്ചായത്തിൽ നിലവിൽ കാർഷിക മേഖലയ്ക്ക് നല്ല പ്രാധാന്യം നൽകുന്നുണ്ട്. കാർഷിക രംഗത്തെ പ്രവർത്തനം കൂടുതൽ മെച്ചമാക്കുന്നതിനുള്ള കർമ്മ പരിപാടി ആവിഷ്ക്കരിക്കും. നെൽകൃഷിവികസനം ,,തെങ്ങിൻതൈവിതരണം , ടിഷ്യുകൾച്ചർ വാഴത്തൈവിതരണം ,പച്ചക്കറി കൃഷി വികസനം, അമ്മമാർക്ക് ഫല വൃക്ഷ തൈ വിതരണം പോഷകത്തോട്ടം തുടങ്ങി ഉല്പദാന മേഖലക്ക് 2955000/- (ഇരുപത്തിയൊൻപത് ലക്ഷത്തി അൻപത്തിഅയ്യായിരം) രൂപ വകയിരുത്തുന്നു.

### 2. മൃഗസംരക്ഷണം, ക്ഷീര വികസനം,മത്സ്യബന്ധനം

ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കൽ, ക്ഷീരകർഷകർക്ക് പ്രോത്സാഹനമായി പാലിന് സബ്സിഡി അനുവദിക്കൽ ,കന്നുകുട്ടി പരിപാലന പദ്ധതി, പോത്തുകുട്ടി വിതരണം, അടുക്കളമുറ്റത്തെ മുട്ടക്കോഴി വിതരണം വെറ്ററിനറി ആശുത്രിയിലേക്ക് മരുന്നുവാങ്ങൽ , മത്സ്യബന്ധന വള്ളവും വലയും , മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ , മത്സ്യതൊഴിലാളികുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് , മുറ്റത്തൊരു മീൻതോട്ടം എന്നിവയ്ക്ക് 2090000/- (ഇരുപതുലക്ഷത്തി തൊണ്ണൂറായിരം) രൂപ വകയിരുത്തുന്നു.

### 3. വിദ്യാഭ്യാസം

14 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നമ്മുടെ ഭരണ ഘടന വ്യവസ്ഥചെയ്യുന്നു. ഗാന്ധിജിയുടെ നിരീക്ഷണത്തിൽ

“ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം”

സ്മാർട്ട് ക്ളാസ്റൂം , എസ്.സി വ്ദ്യാർത്ഥികൾക്ക് പഠനോപകരണം , വിവിധ സ്കുളുകൾക്ക് ഫർണിച്ചർ എന്നീ പദ്ധതികൾ കൂടാതെ കുട്ടികൾക്ക് പാഠ്യേതര വിഷയങ്ങളിൽ പ്രാഗൽഭ്യം തെളിയിക്കുന്നതിനുള്ള പദ്ധതികളും ഉൾപെടുത്തിയിട്ടുണ്ട്. എസ്.എസ്.എ വിഹിതം നൽകൽ ഉൾപെടെ വിദ്യാഭ്യാസമേഖലയ്ക്ക് 2275000/- (ഇരുപത്തിരണ്ട് ലക്ഷത്തി എഴുപത്തിഅയ്യായിരം )രൂപ വകയിരുത്തുന്നു.

4. **<u>ആരോഗ്യം</u>**

എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തോടു കൂടി ജനസൗഹൃദ ആശുപത്രിയാക്കി മാറ്റുന്നതിലൂടെ രോഗികൾക്ക് എത്രയും വേഗം ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതോടൊപ്പം നിർദ്ധനരായവർക്ക് സൗജന്യമായി മരുന്ന് നൽകുന്നതിനും പഞ്ചായത്ത് ലക്ഷ്യമിടുന്നു. കൂടാതെ സമൂഹത്തിലെ ദീർഘകാല കിടപ്പു രോഗികളെ പരിചരിക്കുന്നതിന് തുടങ്ങി വെച്ച പാലിയേറ്റീവ് കെയർ പദ്ധതി കാര്യക്ഷമമാക്കുന്നതിന് വരും വർഷത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ക്ഷയരേഗികൾക്ക് ഭക്ഷണക്കിറ്റ് എന്ന പദ്ധതിക്കും തുക വകയിരിത്തിയിരിക്കുന്നു. അലോപ്പതി , ആയുർവേദ , ഹോമിയോ മേഖലകളിലെ പ്രവർത്തനങ്ങൾക്കായി 2923000/- (ഇരുപത്തിയൊൻപത് ലക്ഷത്തി ഇരുപത്തിമൂവായിരം ) രൂപ നീക്കിവെയ്ക്കുന്നു.

5. **<u>സമ്പൂർണ്ണ ഭവനപദ്ധതി-ലൈഫ് ഭവനപദ്ധതി</u>**

ലൈഫ് മിഷൻ പദ്ധതിയിലൂടെ തലയാഴം ഗ്രാമപഞ്ചായത്തിലെ ഭവന രഹിതരായ എല്ലാ വിഭാഗം ജനങ്ങൾക്കും ഭവനം നിർമ്മിച്ചു നൽകുന്നതിന് ലക്ഷ്യമിടുന്നു. നമ്മുടെ പഞ്ചായത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ആകെ 669 ഗുണഭോക്താക്കളാണുള്ളത്. (ഭവനരഹിതർ - 600 , ഭൂരഹിതഭവനരഹിതർ 69) മേൽപ്പടി പദ്ധതിയുടെ നടത്തിപ്പിലേക്കായി ജനറൽ വിഭാഗത്തിനായും , പട്ടികജാതി വിഭാഗത്തിനായും പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. ആയതിൽ 260 വ്യക്തികൾ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും 120 ൽ പരം വ്യക്തികൾ ഭാഗീകമായി വീടുപണി പൂർത്തീകരിച്ചിട്ടുമുണ്ട്. ആകെ അടങ്കലിൽ ഹഡ്കോ വായ്പ , ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം , സംസ്ഥാനവിഹിതം , ഗ്രാമപഞ്ചായത്ത് വിഹിതം എന്നിവയിലായി ആകെ 95000000/- ( ഒൻപതര കോടി )രൂപ വകയിരുത്തുന്നു.

**6. ഭിന്നശേഷിക്കാർക്കായുള്ള പദ്ധതികൾ**

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ, ഭിന്നശേഷിക്കാരുടെ കുടുംബ സംഗമവും കലാ കായിക മേളയും, ഹോർട്ടികൾച്ചർ തെറാപ്പി എന്നീ പദ്ധതികൾ വരും വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മേൽപ്പടി പ്രവർത്തനങ്ങൾക്ക് 750000/- ( ഏഴരലക്ഷം) രൂപ വകയിരുത്തുന്നു.

**7. ശിശുക്ഷേമ പദ്ധതികൾ**

ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലായി 18 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. അംഗൻവാടികൾ മെയിന്റനൻസ്, അംഗൻവാടികൾക്ക് വെയിംഗ് മെഷീൻ , അംഗൻവാടി പോഷകാഹാര പരിപാടി , എന്നിവക്കായി 2523400/- രൂപ ( ഇരപത്തിയഞ്ചുലക്ഷത്തി ഇരുപത്തി മൂവായിരത്തി നാനൂറു രൂപ) വകയിരുത്തുന്നു.

**8. സാമൂഹ്യ ക്ഷേമ പരിപാടികൾ**

ഗ്രാമ പഞ്ചായത്ത് വിവിധ സാമൂഹ്യ ക്ഷേമ പരിപാടികൾക്ക് മുന്തിയ പരിഗണന നൽകുന്നു. ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ, ബാല സൗഹൃദ പഞ്ചായത്ത് പ്രവർത്തനങ്ങൾ എന്നിവയ്ക്കും അഗതി രഹിത കേരളം. വയോജനങ്ങൾക്ക് കട്ടിൽ, വാതിൽപടിസേവനം എന്നീ വയോജന ക്ഷേമ പ്രവർത്തനങ്ങൾക്കായും തുക 950750/- (ഒൻപത് ലക്ഷത്തി എഴുന്നൂറ്റി അൻപത് രൂപ) മാറ്റി വെച്ചിട്ടുണ്ട്.

**9. തെരുവുവിളക്കുകൾ**

തെരുവു വിളക്കുകൾ തെളിയിക്കുന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ പെട്ടതായതു കൊണ്ട് തന്നെ വൈദ്യുതിയുടെ ഉപയോഗം കഴിവതും കുറക്കുക എന്ന ലക്ഷ്യത്തോടെയും തെരുവു വിളക്കുകൾ മുഴുവനും എൽ.ഇ.ഡി ലൈറ്റുകൾ ആക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നു. തെരുവ് വിളക്ക് പരിപാലനത്തിനും പുതിയ വിളക്കുകൾ സ്ഥാപിക്കുന്നതിനും വൈദ്യുത ലൈൻ നീട്ടൽ പദ്ധതിക്കും , പോസ്റ്റ് ഷിഫ്റ്റിംഗ് ഉൾപെടെ തുക 900000/- ( 9 ലക്ഷം) രൂപ വകയിരുത്തുന്നു. കുടാതെ തെരുവുവിളക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ 1275000/-( 12 ലക്ഷത്തി 75 ആയിരം) രൂപയും വകയിരുത്തുന്നു.

**സദ്ഭരണം**

പൊതുജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിന്നും, ഘടകസ്ഥാപനങ്ങളിൽ നിന്നും തൃപ്തികരമായ സേവനം നൽകുന്നതിനായി പഞ്ചായത്ത് ഘടകസ്ഥാപനങ്ങൾ ഉൾപ്പെടെ കമ്പ്യൂട്ടറൈസ് ചെയ്തും, രേഖകൾ ഡിജിറ്റലൈസ് ചെയ്തും സേവനം ഉറപ്പാക്കിവരുന്നു. ഫ്രണ്ട് ഓഫീസ് അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഉള്ള പഞ്ചായത്താണ് തലയാഴം ഗ്രാമപഞ്ചായത്ത്. മേൽപ്പടി സർട്ടിഫിക്കേഷൻ നിലനിർത്തുന്നതിനായുള്ള തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.ഐഎസ്ഓ നിലവാരം മെച്ചപ്പെടുത്തൽ ,പഞ്ചായത്താഫീസ് അനുബന്ധ

സൗകര്യമൊരുക്കൽ , വാട്ടർ പ്യൂരിഫയർ എന്നിവയ്ക്കായി 372000/– ( മൂന്നുലക്ഷത്തി എഴുപത്തിരണ്ടായിരം) രൂപ വകയിരുത്തുന്നു.

**10. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം**

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് ഉൽപ്പാദന സേവന മേഖലകളിലായി 5970000/- (അൻപത്തിയൊൻപത് ലക്ഷത്തി എഴുപതിനായിരം) രൂപ വകയിരുത്തുന്നു. വിവിധ വനിതാപദ്ധതികൾ , ലൈഫ് ഭവന പദ്ധതി, പി.എം.എവൈ പദ്ധതി, വീട് മെയിന്റനൻസ്, എന്നിവയ്ക്ക് തുക വകയിരുത്തുന്നു.

**11. ഗ്രാമീണ റോഡുകൾ**

നിലവിലെ റോഡ് ആസ്തികളുടെ സംരക്ഷണത്തിനും പുതിയ റോഡുകളുടെ നിർമ്മാണത്തിനുമായി മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം പുതുക്കിയ നിരക്കിൽ ലഭ്യമാകുന്ന തുക 13312000/– (ഒരു കോടി 33 ലക്ഷത്തി 12 ആയിരം രൂപ) വകയിരുത്തുന്നു. കൂടാതെ സിഎഫ്സി ബേസിക് ഗ്രാന്റ് ഫണ്ട് ലഭ്യത അനുസരിച്ച് പശ്ചാത്തലമേഖലയിൽ റോഡ് നിർമ്മാണത്തിനുള്ള ഫണ്ട് വകയിരുത്തുന്നതും പരിഗണിക്കുന്നതാണ്.

**12. യുവജന വികസനം**

തലയാഴം ഗ്രാമപഞ്ചായത്തിൽ യുവജനങ്ങളുടെ കായിക ശേഷിയും മികവും വർദ്ധിപ്പിക്കുന്നതിനും ഭാവിയുടെ വാഗ്ദാനങ്ങളാക്കി മാറ്റുന്നതിനും പഞ്ചായത്ത് തലത്തിൽ ഗ്രാസ്റൂട്ട് ലെവലിൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നു. കേരളോൽസവം സമുചിതമായി സംഘടിപ്പിക്കുന്നതിന് ആലോചിക്കുന്നു. ടി പ്രവർത്തനങ്ങൾക്ക് 350000/– ( മൂന്നര ലക്ഷം)രൂപ വകയിരുത്തുന്നു.

## വിഭവ സമാഹരണം

വികസനക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ വിഭവ സമാഹരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതായുണ്ട്. തലയാഴം പഞ്ചായത്തിനെ വരും വർഷം 100 ശതമാനം നികുതിപിരിവിലേക്ക് എത്തിച്ച് , സമാഹരണം ഊർജ്ജിതപ്പെടുത്തിക്കൊണ്ടും , സംസ്ഥാനബജറ്റ് വിഹിതം , കേന്ദ്രസംസ്ഥാനഗ്രാന്റുകൾ , ജില്ലാ ബ്ളോക്ക് വിഹിതങ്ങൾ എന്നിവ വകയിരുത്തി പദ്ധതികൾ തയ്യാറാക്കിയിരിക്കുന്ന തുകകളെ അടിസ്ഥാനമാക്കിയും ആണ് 2026-27 ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. തലയാഴം പഞ്ചായത്തിന്റെ 2026/2027 വർഷത്തെ വരവ് ചിലവുകളുടെ ബജറ്റ് സംഗ്രഹം ചുവടെ വിശദമാക്കുന്നു.

# സംഗ്രഹം

| | |
|---|---|
| **പ്രാരംഭ ബാക്കി** | **10664450/-**(1 കോടി 6 ലക്ഷത്തി 64 ആയിരത്തി നാനൂറ്റിയൻപത് രൂപ) |
| നികുതി വരുമാനം | 7930000/-( 79 ലക്ഷത്തി മുപ്പതിനായിരം) |
| നികുതി ഇതര വരുമാനം | 3597000 /-( 35 ലക്ഷത്തി 97 ആയിരം) |
| ജനറൽ പർപ്പസ് ഫണ്ട് | 16465000/-(1 കോടി 64 ലക്ഷത്തി 65 ആയിരം) |
| ഡിപ്പോസിറ്റ് വരവ് | 46000/- (നാൽപത്തിയാറായിരം) |
| അഡ്വാൻസ് | 23,00,000/-(23 ലക്ഷം) |
| ദേശീയ ഗ്രാമീണതോഴിലുറപ്പു പദ്ധതി | 55500000/-(5 കോടി 55 ലക്ഷംരൂപ) |
| സാമൂഹ്യക്ഷേമ പെൻഷൻ | 83350000/-(8 കോടി 33 ലക്ഷത്തി അൻപതിനായിരം രൂപ) |
| 2026/2027 സംസ്ഥാനബജറ്റ് വിഹിതം | 50493000/- (5 കോടി 4 ലക്ഷത്തി 93 ആയിരം രൂപ) |
| മറ്റിനം വരവുകൾ | 13575000/- (1 കോടി 35 ലക്ഷത്തി 75 ആയിരം രൂപ) |
| **ആകെ വരവുകൾ (പ്രാരംഭ ബാക്കിയും ചേർത്ത്)** | **244334450/-** (24 കോടി 43 ലക്ഷത്തി 34ആയിരത്തി നാനുറ്റി അൻപത്രൂപ) |
| ജനപ്രതിനിധികളുടെ ഹോണറേറിയം ഉൾപെടെ ആനുകൂല്യങ്ങൾ | 4130000/-(41 ലക്ഷത്തി 30 ആയിരം രൂപ) |
| ജീവനക്കാരുടെ ശമ്പളം , ആനുകൂല്യങ്ങൾ ഉൾപെടെ | 19223000/-(1 കോടി 92 ലക്ഷത്തി 23ആയിരം രൂപ) |
| ഓഫീസ് ചെലവുകൾ | 2620000/- 26 ലക്ഷത്തി ഇരുപതിനായിരം) |
| സംരക്ഷണവും നടത്തിപ്പും ചിലവുകൾ | 2710000/-(27 ലക്ഷത്തി പതിനായിരം രൂപ) |
| പലിശ അനുബന്ധ ചെലവുകൾ | 5,000/- രൂപ |
| ഡിപ്പോസിറ്റ് തിരികെ നൽകൽ | 46000/- (46 ആയിരംരൂപ) |
| മറ്റ് ബാധ്യതകൾ | 4345000/-(43 ലക്ഷത്തി 45ആയിരം രൂപ |
| അഡ്വാൻസ് | 2300000/-( ഇരുപത്തി മൂന്നുലക്ഷം) |
| ദേശീയ ഗ്രാമീണതോഴിലുറപ്പു പദ്ധതി | 55500000/-(5 കോടി 55 ലക്ഷംരൂപ) |

| | |
|---|---|
| സാമൂഹ്യക്ഷേമ പെൻഷൻ | 83350000/-(8 കോടി 33 ലക്ഷത്തി അൻപതിനായിരം രൂപ) |
| പദ്ധതി ചെലവുകൾ | 50493000/-(5 കോടി 4 ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) |
| **നീക്കി ബാക്കി** | **19191450/ (ഒരു കോടി 91 ലക്ഷത്തി 91 ആയിരത്തി നാനൂറ്റി അൻപത് രൂപ)** |
| തന്നാണ്ട് പദ്ധതി ചെലവുകൾക്ക് പ്രതീക്ഷിക്കുന്ന തുക | 10664450/- (ഒരു കോടി 6 ലക്ഷത്തി 64 ആയിരത്തി നാനൂറ്റി അൻപത് രൂപ) |
| **തനത് ഫണ്ട് ബാലൻസ്** | **8527000/- (85 ലക്ഷത്തി ഇരുപത്തിയേഴായിരം രൂപ)** |

പ്രിയമുള്ളവരെ,

പഞ്ചായത്തുകളിൽ കെ സ്മാർട്ട് സോഫ്റ്റ് വെയർ വിന്യസിച്ചശേഷം ആദ്യമായി തയ്യാറാക്കിയതായ ബജറ്റ് എന്നത് ഉൾപെടെ, ഒട്ടേറെ പരിമിതിക്കുള്ളിൽ നിന്നു കൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. വിഭവം ഇന്ന് നമുക്ക് ഒരു പരിമിതിയല്ല. പണമില്ലാത്തതു കൊണ്ട് അനിവാര്യ വികസന പദ്ധതികൾ മാറ്റി വെയ്ക്കേണ്ടതില്ല. സമ്പൂർണ്ണ വിഭവ സമാഹരണമുണ്ടെങ്കിൽ നമുക്ക് ലക്ഷ്യം കൈവരിക്കാം. ഗ്രാമീണ ജനങ്ങളുടെ ഏറ്റവും പ്രധാന സേവന കേന്ദ്രമായ പഞ്ചായത്തിന്റെ സദ്ഭരണത്തിലൂടെ തലയാഴം പഞ്ചായത്തും ജനങ്ങളും തമ്മിലുള്ള അകലം പരമാവധി കുറയ്ക്കുകയാണ് ലക്ഷ്യം.

2026-27 ലെ വാർഷിക ബജറ്റ് വിശദമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

സ്നഹപൂർവ്വം ,

പി. സുശീലകുമാരി.

വൈസ് പ്രസിഡന്റ് , തലയാഴം ഗ്രാമപഞ്ചായത്ത്.

.

***********